[Mr. K. S. Raghavan]:

(സി) ഡിവിഷണൽ അക്കൌണ്ടന്മാരായി നിയമിച്ചിട്ടുള്ള ഈ നാലുപേരും അക്കൌണ്ടൻറ് ജനറൽസ് ആപ്പീസ്സിൽ ന ാ— ൭ ൫ ഗ്രേഡിൽ പെർമനൻറ് ആഡിറ്റർമാരും ഫ ൫ ാ—൬ ാ ാ ഗ്രേഡിൽ ഒഫീഷിയേറിങ്ങ് സൂപ്രണ്ടന്മാരുമാകുന്നു.

(ഡി) ഡിവിഷണൽ അക്കൌണ്ടന്മാരുടെ ഗ്രേഡ് ഫ ൫ ാ—൬ ാ ാ ആകുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ; പബ്ലിക്കുവർക്സ് ഡിപ്പാർട്ട്മെണ്ടിൽ ന ാ— ൭ ൫ ക. യിലും കവിഞ്ഞ ഗ്രേഡിലുമുള്ള അക്കൌണ്ടൻറസ് ഇല്ലേ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ചിലരുണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പബ്ലിക്കുവർക്സ് ഡിപ്പാർട്ട്മെണ്ടിലെ ഡിവിഷനൽ അക്കൌണ്ടൻറ് പോസ്റ്റിനു ന്യായമായ അവകാശികൾ അവിടത്തെ അക്കൌണ്ടൻറ്സ അല്ലെ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അല്ല. ഡിവിഷണൽ അക്കൌണ്ടൻസിന്റെ ഫങ്ഷൻസും ഡ്യൂട്ടികളും പ്രത്യേകമാണ്-അവർ Accountant-Genreal-നെ പ്രതിനിധീകരിക്കുന്നവരാണ്. അക്കൌണ്ടിംഗും ആഡിറ്റിംഗും തമ്മിൽ വ്യത്യാസമുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആ വ്യത്യാസം ഒന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: പബ്ലിക്കുവർക്സ് ഡിപ്പാർട്ട്മെണ്ടിലെ അക്കൌണ്ടൻസ് പ്രീലിമിനറി ആഡിറ്റാണ് നടത്തുന്നതു്. അക്കൌണ്ടൻറ് ആപ്പീസ്സിൽ നടത്തുന്ന ആഡിറ്റ് മദിരാശിയിലും മറ്റും ഉള്ളതുപോലെയുള്ള സിസ്റ്റത്തിലാണ്. അവർ വളരെ എഫിഷ്യൻറായി ആഡിറ്റ് നടത്തേണ്ടതുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: P. W. D-ൽ വക്കുചെയ്തു് അവിടത്തെ അക്കൌണ്ടൻസിനെപ്പറ്റി നല്ല പരിചയം കിട്ടിയിട്ടുള്ളവക്കല്ലെ അവിടെ അക്കൌണ്ടൻറുമാരാകുവാൻ അഹതയുള്ളു?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ആഡിറ്റിംഗ് നല്ലവണ്ണം അറിയേണ്ടവരാണ് ഡിവിഷനൽ അക്കൌണ്ടൻസ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: P. W. D.-ലുള്ള അക്കൌണ്ടൻസിനു ആഡിറ്റിംഗ് അറിയുകയില്ലെ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: Comptroller ആപ്പീസിലുള്ളവക്കു ജന്മനാസിദ്ധമായിട്ടുള്ളതാണൊ ഈ അക്കൌണ്ടു് വക്കു്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അക്കൌണ്ടസ് ഡിപ്പാർട്ട്മെണ്ടിൽ അവർ വക്കു ചെയ്യുന്നതായാൽ അവക്കും അതിൽ പരിശീലനം കിട്ടും.

BRIDGE IN NARAKKAL VILLAGE—CONDITION REGARDING

298. Mr. M. I. Paul *(Narakkal)*: Will Government be pleased to state: are the Government aware that the bridge on the Appanghat canal in the Narakkal Village is in a very dangerous condition and whether the Government have received representations from the people and from the local panchayat on this matter; if so, what action has been taken?

Rao Bahadur T. K. Nayar *(Prime Minister)*:

Yes; The bridge has been reconstructed.

MR. R. G. KRISHNA AYYAR—COMPLAINTS AGAINST

299. Mr. K. I. Velayudhan *(Talappalli-Ezhuvas)*: Will Government be pleased to state.—

(*a*) whether a petition was received from Mr. R. M. Manakalath in the year 1122 suggesting to make a non-official enquiry as regards the misappropriation of the "Map printing paper" in the Survey and Land Records Office during the time of Mr. R. G. Krishna Ayyar as the Superintendent of the Survey and Land Records Office;

(*b*) whether any action was taken by the Government in this matter; and if so, what and if not, why;

(*c*) whether there was a misappropriation of 11½ rolls of map printing paper costing Rs. 175 per roll;

(*d*) whether an enquiry was made into this by the Diwan Peishkar;

(*e*) if so, will Government be pleased to place all the evidence that they have gathered so far in this connection?

LIBRARY ARCHIVES Kerala Legislative Assembly

Mr. Parambi Lonappen *(Minister for Revenue)*:

(*a*) Yes.
(*b*) Yes. Necessary enquiries were made.
(*c*) No.
(*d*) Yes.
(*e*) No.

മിസ്റ്റർ കെ. ഐ. വേലായുധൻ: Survey and Land Records Office-ൽ നിന്ന് ഫ ഫ റോം Map printing paper പോയിട്ടുള്ളതായിട്ട അന്വേഷണത്തിൽ തെളിഞ്ഞോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇതിനെ സംബന്ധിച്ച് വളരെ അധികം ആക്ഷേപങ്ങളും, പത്രറിപ്പോർട്ടുകളും, കൌൺസിൽ ചോദ്യങ്ങളും ഇതിനകം ഉണ്ടായിട്ടുള്ളതായി ഗവമ്മെണ്ടിന് അറിയാമൊ?

റാവുബഹദൂർ ടി. കെ. നായർ: വളരെ അധികം പ്രാവശ്യം വളരെപേക്ക് ഗവമ്മെണ്ടിന്ന ഇതിനെപ്പററി മറപടി കൊടുക്കേണ്ടിവന്നിട്ടുണ്ട്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അന്വേഷണം നടത്തിയെന്ന പറഞ്ഞുവല്ലൊ, അതിന്റെ വിവരണം ഒന്ന് പറയുവാൻ സാധിക്കുമൊ?

റാവുബഹദൂർ ടി. കെ. നായർ: എൻകയറിയുടെ വിവരണം ഈ പറഞ്ഞതു മാത്രമാണ്.

മിസ്റ്റർ പി. കെ. ഡീവർ: 'അന്വേഷണം നടത്തിയൊ എന്ന ചോദിച്ചതിന്ന "yes" എന്നും അന്വേഷണം നടത്തിയെങ്കിൽ ആയതിന്ന എടുത്ത തെളിവുകൾ എന്തൊക്കെയാണ് എന്ന ചോദിച്ചതിന്ന 'No.' എന്നും പറഞ്ഞിട്ടുണ്ട്. ഇല്ലാത്ത സംഗതിയെപ്പററി എന്തിനാണ് അന്വേഷണം നടത്തിയതു?

റാവുബഹദൂർ ടി. കെ. നായർ: ചോദ്യം അയച്ചു. അപ്പോൾ അന്വേഷണം നടത്തി.

CONNECTING PUTHENPETTAH BAZAAR WITH MAIN ROAD IN KUNNAMKULAM TOWN—REPRESENTATION REGARDING

300. മിസ്റ്റർ എം. കെ. രാജ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ട് സദയം മറപടി പറയുമോ —

(എ) കുന്നംകുളം പട്ടണത്തിലെ പുത്തൻപേട്ട അങ്ങാടി വഴിയെ പ്രധാനറോഡുമായി സംയോജിപ്പിക്കുന്നതിനെപററി പൊതുജനങ്ങളുടെ വല്ല ഹർജികളും ഗവമ്മെണ്ടിന്ന കിട്ടിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ആദ്യത്തെ ഹർജി എന്നാണ് കിട്ടിയതു;

(സി) അതിന്നുശേഷം ഈ വിഷയത്തെപ്പററി എത്ര നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്;

(ഡി) ഈ പണികഴിക്കുവേണ്ടി വല്ല തുകയും എപ്പോഴെങ്കിലും ബഡ്ജറിൽ കൊള്ളിക്കുകയുണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ന്, എത്ര;

(എഫ്) ഈ ആവശ്യം ഇന്നും നിവ്വഹിക്കപ്പെടാതെ കിടക്കുന്നതിന്ന വല്ല കാരണവും ഉണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഉണ്ട്.
(ബി) ഫ വു— ഫ— ഫ ഫ ഫ-ൽ.
(സി) ഒന്ന്.
(ഡി) ഉണ്ട്.
(ഇ) ഫ ഫ ഫ-ൽ. ൧, ൭ ൫ ൦ ക.
(എഫ്) ഉണ്ട്. വഴിക്കു വേണ്ട സ്ഥലം അകയർ ചെയ്യൽ പൂത്തിയായിട്ടില്ലാത്തതിനാൽ.

മിസ്റ്റർ എം. കെ. രാജ: ഈ കാര്യത്തെ സംബന്ധിച്ച ഇതിനുമുമ്പും എതെങ്കിലും പ്രകാരത്തിൽ ഈ നിയമസഭയിൽവെച്ച് ഏതെങ്കിലും മെമ്പർ ഗവമ്മെണ്ടിനോട് നിവേദനം നടത്തുകയുണ്ടായിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly